Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി.ഐ.-കൾക്ക് സ്ഥലം

254 (901) ശ്രീ. പി. റ്റി. എ. റഹിം : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പള്ളിപ്പാട്, പെരിഞ്ഞാനം, വടക്കാഞ്ചേരി, നിലക്കമുക്ക്, തുക്കുപാലം, പെരിന്തൽമണ്ണ, കുട്ടനാട്, ചെറുകുന്ന്, ചാത്തമംഗലം, പിരുമേട് എന്നീ പത്ത് ഐ.ടി.ഐ. കൾക്ക് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2011-12-ലെ ബഡ്ജറ്റിൽ 10 ഐ.ടി.ഐ. - കൾ പ്രഖ്യാപിച്ചിരുന്നുവെങ്കിലും പള്ളിപ്പാട് മാത്രമേ ഐ.ടി.ഐ. ആരംഭിച്ചിട്ടുള്ളൂ. ടി ഐ.ടി.ഐ.-ക്കാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്.

ചാത്തന്നൂർ ഗവ.ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ

255 (902) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-ൽ പുതുതായി ഏതൊക്കെ ട്രേഡുകൾ ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ;

(ബി) പുതുതായി ട്രേഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാത്തതിലും, പുതിയ തസ്തിക അനുവദിക്കാത്തതിലും പ്രതിഷേധം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഐ.ടി.ഐ.-ൽ പുതിയ ട്രേഡും അതനുസരിച്ചുള്ള തസ്തികകളും അനുവദിക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ ഐ.ടി.ഐ.-ൽ 28.10.2010-ൽ അനുവദിച്ചിരുന്ന ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ഒരു യൂണിറ്റ് 2012 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2013 ആഗസ്റ്റ് മാസം മുതൽ ഫിറ്റർ, വെൽഡർ എന്നീ ട്രേഡുകൾ പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വെയർ, ഫിറ്റർ, വെൽഡർ (ഗ്യാസ് & ഇലക്ട്രിക്), മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ എന്നീ നാല് പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഡവലപ്പ്മെന്റ് പ്ലാൻ അംഗീകരിക്കുകയും ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും 250 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ട്രേഡുകൾക്കാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു.